" ഭരണഭാഷ-മാതൃഭാഷ"

***<u>വളരെ അടിയന്തിരം</u>***

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

നമ്പർ: ജി1/4050/2013

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 17/04/2013

ട്രെയിനിംഗ് ഡയറക്ടർ.

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
ഐ.ടി മാർക്കും.

സർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2013- പരീക്ഷകളുടെ സുഗമമായ നടത്തിപ്പ് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് മീറ്റിംഗ് വിളിച്ച് കൂട്ടുന്നത് -സംബന്ധിച്ച്.

*************

2013 ജൂലൈ മാസത്തിൽ ആരംഭിയ്ക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ ചോദ്യപേപ്പറുകൾ ഡി.ജി.ഇ.റ്റി.യിൽ നിന്ന് നേരിട്ട് പരീക്ഷാ സെന്ററുകളുടെ സമീപമുള്ള പൊതുമേഖലാ ബാങ്കുകളിൽ എത്തിക്കുകയാണ് ചെയ്യുന്നത്. ടി വിഷയത്തിന്മേൽ സ്വീകരിക്കേണ്ട അടിയന്തിര നടപടികളെയും മുൻകരുതലുകളേയും സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുന്നതിന് ഒരു മീറ്റിംഗ് **22-4-2013-ന് (തിങ്കളാഴ്ച)** തിരുവനന്തപുരം ഗവ.ഗസ്റ്റ് ഹൗസിൽ വച്ച് രാവിലെ **9,30-ന്** കൂടാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത മീറ്റിംഗിൽ താങ്കൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പകരക്കാരെ നിയോഗിക്കാൻ പാടുള്ളതല്ല. ടീ മീറ്റിംഗിൽ ഹാജരാകുമ്പോൾ താഴെപ്പറയുന്ന രേഖകൾ കൂടി ഹാജരാക്കേണ്ടതാണ്.

1. *പെന്റിംഗ് എൻ.ടി.സി.കളുടെ വിവരങ്ങൾ ഉൾപ്പെടുന്ന ഫൈനൽ സി.ഡി മേലൊപ്പ് ചാർത്തി സമർപ്പിക്കണം.*

2. ജൂലൈ 2013-ലെ ട്രേഡ് ടെസ്റ്റിനോടനുബന്ധിച്ച് പരീക്ഷാ സെന്ററുകളായി ശുപാർശ ചെയ്തിട്ടുള്ള സ്കൂളുകളുടെ പേര് വിവരങ്ങൾ (മേൽ വിലാസം ഉൾപ്പെടെ) ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ
3. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് നിയോഗിക്കുന്നതിനുള്ള 'എക്സ്റ്റേണൽ എക്സാമിനർ'മാരുടെ പാനൽ.
4. പരീക്ഷാ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതിനായുള്ള അതാത് സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ
5. സ്ഥാപനത്തിൽ നിലവിലുള്ള ഇ.മെയിൽ ഐ.ഡി.യുടെ വിവരങ്ങൾ
6. സി.ഒ.ഇ പാസ്സായതും ഇനി എൻ.ടി.സി.കൾ ലഭിക്കാനുള്ളതുമായ ട്രെയിനികളുടെ എണ്ണം, വർഷം തിരിച്ചുള്ള പട്ടിക.

വിശ്വാസപൂർവ്വം,

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ആർ.ഇ. 17/4/13